(ഡി) മണൽ സംഭരണത്തിന്റെ പേരിൽ പിലയിടത്തെങ്കിലും ഉടലെടുത്തിട്ടുള്ള കയറ്റിറക്ക് പോലുള്ള തൊഴിൽ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിച്ച് മണൽസംഭരണം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പാലക്കാട് ജില്ലയിലുള്ള വാളയാർ ഡാമിൽ നിന്നാണ് മണൽ സംഭരിച്ചു വരുന്നത്.

(ബി) നാളിതുവരെ മലമ്പുഴ, ചുള്ളിയാർ, വാളയാർ എന്നീ ഡാമുകളിൽ നിന്നും കെംഡബ്ലിന്റെ നേതൃത്വത്തിൽ 3 ലക്ഷം ഘനമീറ്റർ മണൽ സംഭരിച്ചിട്ടുണ്ട്. അരുവിക്കരയിൽ നിന്നും 267.37 ഘനമീറ്റർ മണൽ ശേഖരിച്ചിട്ടുണ്ട്.

(സി) ബി.പി.എൽ./ഇ.എം.എസ്./എം.എൻ. എന്നീ ഹൗസിംഗ് പദ്ധതിയിൽപ്പെട്ടവർക്ക് ഘനമീറ്ററിന് 750 നിരക്കിലും മറ്റുള്ളവർക്ക് 990 രൂപ നിരക്കിലും ആണ് മണൽ നൽകുന്നത്.

(ഡി) നടപടികൾ സ്വീകരിച്ചു വരുന്നു.

മണൽ വാരുന്നതിന് ചെലവായ തുക

44 (2142) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ഡാമുകളിൽ നിന്നും മണൽ വാരുന്നതിനായി സർക്കാരിന് എത്ര രൂപ ചെലവായി ;

(ബി) വിവിധ ഡാമുകളിൽ നിന്നായി എത്ര ടൺ മണൽ ഈ സാമ്പത്തിക വർഷം ശേഖരിച്ചു ;

(സി) മണൽ ശേഖരിച്ചു വിറ്റ വകയിൽ ഈ സാമ്പത്തിക വർഷം ലഭിച്ച ലാഭം എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെംഡെൽ മുഖാന്തിരം മണൽ ഖനനത്തിനായി നാളിതുവരെ 5,26,00,000 രൂപയും, ചുമട്ടു തൊഴിലാളികൾക്ക് കൂലിയിനത്തിൽ 97,00,000 രൂപയുമാണ് ചെലവാക്കിയിട്ടുള്ളത്. അരുവിക്കരയിൽ നിന്നുള്ള ഖനനത്തിന് 25,81,652 രൂപയും കലവറ നടത്തിപ്പിനായി 2,55,500 രൂപയും ചെലവാക്കിയിട്ടുണ്ട്.

(ബി) നാളിതുവരെ കെംഡെല്ലിന്റെ നേതൃത്വത്തിൽ 3 ലക്ഷം ഘനമീറ്റർ മണൽ സംഭരിച്ചിട്ടുണ്ട്. അരുവിക്കരയിൽ നിന്നും 267.37 ഘനമീറ്റർ മണലും ശേഖരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കെംഡെല്ലിന്റെ നേതൃത്വത്തിൽ മണൽ വിതരണം നടത്തി സർക്കാരിലേക്ക് 12,35,00,000 രൂപയുടെ വരവും അരുവിക്കരയിൽ നിന്നും മണൽ വിറ്റ വകയിൽ 2,83,735,18 രൂപയും (നികുതി ഉൾപ്പെടെ) ലഭിച്ചിട്ടുണ്ട്.

കുഴൽക്കിണർ നിർമ്മാണത്തിന് നിയന്ത്രണം

45 (2143) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കുഴൽക്കിണർ നിർമ്മാണത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) കുഴൽക്കിണർ നിർമ്മാണത്തിന് അനുവാദം നൽകുന്നതിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) ഓരോ വർഷവും ഈ ഏജൻസി അനുവാദം നൽകിയ കുഴൽ കിണറുകളുടെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(ഡി) സംസ്ഥാനത്ത് അനധികൃതമായി കുഴൽക്കിണർ നിർമ്മാണം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(എഫ്) സംസ്ഥാനത്തെ ഗ്രൗണ്ട് വാട്ടർ ലെവൽ സംബന്ധിച്ച പഠനങ്ങൾ നടത്തിയിട്ടുണ്ടോ ;

(ജി) അനിയന്ത്രിതമായ കുഴൽക്കിണർ നിർമ്മാണം സംസ്ഥാനത്തെ ഗ്രൗണ്ട് വാട്ടർ ലെവലിനെ ബാധിക്കുന്നത് സംബന്ധിച്ച് പ്രത്യേകമായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(എച്ച്) എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അമിത ചൂഷിതബ്ലോക്കുകളായി പ്രഖ്യാപിച്ചിട്ടുള്ള അതിയന്നൂർ, കൊടുങ്ങല്ലൂർ, ചിറ്റൂർ, കോഴിക്കോട്, കാസർഗോഡ് ബ്ലോക്കുകളിൽ പുതിയതായി കുഴൽക്കിണർ നിർമ്മിക്കുവാനോ നിലവിലുള്ള കുഴൽക്കിണറുകളിൽ പമ്പ് ഘടിപ്പിക്കാനോ ഭൂജല അതോറിറ്റിയുടെ മുൻകൂർ അനുമതി ആവശ്യമാണ്. കൂടാതെ 15 എച്ച്.പി.ക്ക് മുകളിൽ മോട്ടോർ ഘടിപ്പിച്ച തുറന്ന കിണറുകളും 3 എച്ച്.പി. ക്ക് മുകളിലുള്ള പമ്പ് ഘടിപ്പിച്ച കുഴൽ കിണറുകൾ എന്നിവ ഭൂജല അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യേണ്ടതുമാണ്.

(ബി) കുഴൽക്കിണർ നിർമ്മാണത്തിന് വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകൾ ഒഴികെയുള്ള പ്രദേശങ്ങളിൽ നിലവിൽ പ്രത്യേക അനുമതി ആവശ്യമില്ല. എന്നാൽ വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ പുതിയതായി കുഴൽക്കിണർ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ മുൻകൂർ അനുമതി ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly